<u>പ്രസിദ്ധീകരണത്തിന്</u>

തിരുവനന്തപുരം
01-09-2016

# വൈദ്യുതി ബോർഡിൽ മാനദണ്ഡം ലംഘിച്ചുള്ള സ്ഥലംമാറ്റം ഉത്തരവ് മരവിപ്പിച്ചു

മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി 110 ഇലക്ട്രിസിറ്റി വർക്കർമാരെ സ്ഥലംമാറ്റിയ ചീഫ് എഞ്ചിനീയറുടെ ഉത്തരവ് കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി) പട്ടം വൈദ്യുതി ഭവനിൽ നടത്തിയ പ്രകടനത്തേയും ധർണ്ണയേയും തുടർന്ന് മരവിപ്പിച്ചു. അംഗീകൃത യൂണിയനുകളും ബോർഡുമായി നടത്തിയ ചർച്ചയിലൂടെ ഉണ്ടാക്കിയ ഗൈഡ്‌ലൈൻ അനുസരിച്ച് ഒരാൾക്ക് ഒരു സ്ഥലത്ത് 3 വർഷം വരെ തുടരാമെന്നിരിക്കെ മാനദണ്ഡം ലംഘിച്ച് 3 മാസം മാത്രം സർവ്വീസുള്ള 110 ഇലക്ട്രിസിറ്റി വർക്കർമാരെ തലങ്ങും വിലങ്ങും ട്രാൻസ്ഫർ ചെയ്ത ചീഫ് എഞ്ചിനീയറുടെ ഉത്തരവാണ് മരവിപ്പിച്ചത്.

3-ാം തീയതി ശനിയാഴ്ച അംഗീകൃത യൂണിയനുകളുമായി ചർച്ച നടത്തി. ഓരോന്നോരന്നായി പരിശോധിച്ച് ഐക്യ തീരുമാനത്തിലെത്തിയതിനുശേഷം മാത്രമേ പുതിയ ഉത്തരവ് പുറത്തിറക്കുകയുള്ളുവെന്ന് ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) ഉത്തരവിറക്കിയതിനുശേഷം മാത്രമാണ് ധർണ്ണ അവസാനിപ്പിച്ചത്. കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി) ഭാരവാഹികളായ സിബിക്കുട്ടി ഫ്രാൻസിസ്, വി.ഗോപകുമാർ, നെയ്യാറ്റിൻകര പ്രതീപ് ആർ.അജിത്കുമാർ എന്നിവർ ധർണ്ണയ്ക്ക് നേതൃത്വം നൽകി.

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി
കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ്
കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)